പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 408 11.12.2012 ൽ മറുപടിയ്ക്ക്

# ബൈതരണി കൽക്കരി പാടത്തു നിന്നും വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ബൈതരണി കൽക്കരി പാടത്തു നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഏത് ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കുമോ; | (എ) ബൈതരണിയിൽ നിന്നും കേരളത്തിന് ലഭ്യമാകുന്ന കൽക്കരി ഉപയോഗിച്ച് ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NTPC യുമായി സർക്കാർ ചർച്ച നടത്തി വരികയാണ്. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര വൈദ്യുതി മന്ത്രാലയവുമായി ചർച്ചകൾ നടത്തുന്നുണ്ട്. ഈ നിർദ്ദേശം പരിശോധിക്കുന്നതിനായി കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ നിന്നും ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) 1000 മെഗാവാട്ട് വൈദ്യുതി. |

| | |
|---|---|
| (സി) എന്നത്തേക്ക് ഉല്പാദനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞ് ഉദ്ദേശം 4-5 വർഷത്തിനകം വൈദ്യുതി ഉല്പാദനം ആരംഭിക്കാൻ കഴിയും. 13-ാം പദ്ധതിക്കാലത്ത് പദ്ധതി പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) പ്രസ്തുത നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**